നിങ്ങളുടെ സ്വപ്നങ്ങളെല്ലാം അവസാനത്തെ ഏഴിൽ
ഒരുമിച്ചതായി ഞാൻ കാണുന്നു. അതിനാൽ ആരെങ്കിലും ലൈലതുൽ
ഖദ്ർ അന്വേഷിക്കുന്നുവെങ്കിൽ അവസാനത്തെ ഏഴിൽ അവനത്
അന്വേഷിക്കട്ടെ
അബ്ദുല്ലാഹി ഇബ്നു ഉമർ -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- യുടെ സ്വഹാബികളിൽ ചിലർക്ക്
ലൈലതുൽ ഖദ്ർ അവസാനത്തെ ഏഴിലാണെന്ന് സ്വപ്നത്തിൽ കാണിക്കപ്പെട്ടു. അപ്പോൾ നബി -صلى الله عليه وسلم-പറഞ്ഞു: "നിങ്ങളുടെ സ്വപ്നങ്ങളെല്ലാം അവസാനത്തെ ഏഴിൽ ഒരുമിച്ചതായി ഞാൻ കാണുന്നു.
അതിനാൽ ആരെങ്കിലും ലൈലതുൽ ഖദ്ർ അന്വേഷിക്കുന്നുവെങ്കിൽ അവസാനത്തെ ഏഴിൽ അവനത്
അന്വേഷിക്കട്ടെ."
[صحيح] [متفق عليه]
നബി (صلى الله عليه وسلم) യുടെ സ്വഹാബിമാരിൽ ചിലർ റമദാനിലെ അവസാനത്തെ ഏഴു രാവുകളിലാണ് ലൈലത്തുൽ ഖദ്ർ
എന്ന് സ്വപ്നം കാണുകയുണ്ടായി. അപ്പോൾ നബി (صلى الله عليه وسلم) പറഞ്ഞു: "നിങ്ങളുടെ സ്വപ്നങ്ങൾ റമദാനിലെ
അവസാനത്തെ ഏഴിലാണെന്നതിൽ ഒരുമിച്ചിരിക്കുന്നു. അതിനാൽ ആരെങ്കിലും ലൈലത്തുൽ ഖദ്ർ
ഉദ്ദേശിക്കുകയും, അത് ലഭിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നെങ്കിൽ അവൻ അവസാനത്തെ ഏഴിൽ
അത് അന്വേഷിക്കട്ടെ. ഒരു വർഷത്തിലെ റമദാൻ മുപ്പത് ദിവസങ്ങളുണ്ടെങ്കിൽ, ഇരുപത്തിനാലാം
രാവ് മുതൽ ഈ ശ്രദ്ധ ആരംഭിക്കണം. എന്നാൽ ഇരുപത്തി ഒൻപത് ദിവസങ്ങളാണ് ഉള്ളത് എങ്കിൽ
ഇരുപത്തിമൂന്നാം രാവ് മുതലും ആരംഭിക്കണം.
https://sunnah.global/hadeeth/ml/show/4545